LIBRARY ARCHIVES Kerala Legislative Assembly

കണ്ടറ നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായം

54 (3081) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലഘട്ടത്തിൽ കണ്ടറ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപയുടെ ചികിൽസാ സഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്ന ധനസഹായ വിവരങ്ങൾ മണ്ഡലം തിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

55 (3082) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ നിയമസഭാ ഇലക്ഷന്റെ പെരുമാറ്റചട്ടം നിലവിൽവന്ന കാലഘട്ടത്തിൽ തീരുമാനമെടുക്കുവാൻ കഴിയാതിരുന്ന സമയത്ത് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സാമ്പത്തിക സഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

56 (3083) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വാക്സിൻ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്ര തുകയാണ് ലഭിച്ചതെന്ന് വിശദമാക്കുമോ; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന വിശദവിവരം നൽകാമോ?

കോവിഡുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവനകളുടെ കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്. 27-3-2020 മുതൽ 20-4-2021 വരെ - 541.63 കോടി രൂപ, 21-4-2021 മുതൽ 26-7-2021 വരെ - 209.39 കോടി രൂപ (ആകെ 817.5 കോടി രൂപ) കോവിഡുമായി ബന്ധപ്പെട്ട